(ബി) ഇതിൽ 1135 ബസ്സുകൾ വിവിധ ഡിപ്പോകൾക്കായി അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള ചേസിസ്സുകളിൽ ബോഡി നിർമ്മാണം കെ.എസ്.ആർ.ടി.സി.യുടെ വിവിധ വർക്ക്ഷോപ്പുകളിൽ പുരോഗമിച്ചുവരുന്നു. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അടൂർ ഡിപ്പോയിൽ 10 പുതിയ ബസുകൾ അനുവദിച്ചിട്ടുണ്ട്. പുതിയ ബസുകൾ ഇറങ്ങുന്ന മുറയ്ക്ക് കൂടുതൽ ബസുകൾ അനുവദിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ്

313 (319) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ ;

(ബി) പാക്കേജിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ;

(സി) സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കെ.എസ്.ആർ.ടി.സി.-യെ കരകയറ്റാൻ എന്തെല്ലാം നടപടികളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പാക്കേജ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറ്റി ലാഭത്തിലേക്ക് നയിക്കുന്നതിനായി തയ്യാറാക്കിയ ഒരു പുനരുദ്ധാരണ പക്കേജിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാനപ്പെട്ട പദ്ധതികൾ ചുവടെ സൂചിപ്പിച്ചിരിക്കുന്നതിൻ പ്രകാരമാണ്.

1. പെൻഷൻ ബാദ്ധ്യതയ്ക്ക് പരിഹാരം കണ്ടെത്തുക.
2. കോർപ്പറേഷന് സർക്കാർ അനുവദിച്ച് നൽകിയ വായ്പ തുക മൂലധനനിക്ഷേപമാക്കി മാറ്റുക.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. കെ.എസ്.ആർ.ടി.സി. ബസുകളിലെ യാത്രികരിൽ നിന്നും നിശ്ചിത സ്ലാബിൽ സാമൂഹിക സുരക്ഷാ സെസ് ഇനത്തിൽ തുക ഈടാക്കുക. ടി സെസ് ഏർപ്പെടുത്തുന്നത് മുഖേന എല്ലാ യാത്രക്കാർക്കും അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകാനും സെസ് ഇനത്തിൽ സമാഹരിക്കുന്ന തുക പെൻഷൻ ഫണ്ടിലേക്ക് നിക്ഷേപിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

4. ലാഭകരമല്ലാത്ത സർവ്വീസുകൾ പുന:ക്രമീകരിക്കുക.

5. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുമെടുത്തിട്ടുള്ള 1300 കോടി രൂപയുടെ വായ്പ മറ്റ് പൊതുമേഖലാ ബാങ്കുകളിലേയ്ക്ക് കുറഞ്ഞ പലിശനിരക്കും കൂടിയ തിരിച്ചടവ് കാലാവധിയുമുള്ള വായ്പയായി മാറ്റി പ്രതിമാസ വായ്പ തിരിച്ചടവ് ഇനത്തിലുള്ള ചെലവ് ഗണ്യമായി കുറയ്ക്കുക.

6. കോർപ്പറേഷന്റെ ആസ്തി മൂല്യം പുനർ നിർണ്ണയിച്ച് വിപണി മൂല്യം വർദ്ധിപ്പിക്കുക.

(ബി) കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജിന് G.O. (Ms.) No.06/2014/Tran dt. 1-2-2014 പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) 1. പെൻഷൻ ബാദ്ധ്യതയ്ക്ക് പരിഹാരം കാണുന്നതിനുള്ള നിർദ്ദേശങ്ങൾ.

2. കോർപ്പറേഷന് സർക്കാർ അനുവദിച്ച് നൽകിയ വായ്പ തുക മൂലധന നിക്ഷേപമാക്കി മാറ്റുക.

3. കെ.എസ്.ആർ.ടി.സി. ബസുകളിലെ യാത്രികരിൽ നിന്നും നിശ്ചിത സ്ലാബിൽ സാമൂഹിക സുരക്ഷാ സെസ് ഇനത്തിൽ തുക ഈടാക്കുക.

4. ലാഭകരമല്ലാത്ത സർവ്വീസുകൾ പുന:ക്രമീകരിക്കുക.

5. കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നുമെടുത്തിട്ടുള്ള 1300 കോടി രൂപയുടെ വായ്പ മറ്റ് പൊതുമേഖലാ ബാങ്കുകളിലേയ്ക്ക് കുറഞ്ഞ പലിശനിരക്കും കൂടിയ തിരിച്ചടവ് കാലാവധിയുമുള്ള വായ്പയാക്കി മാറ്റി പ്രതിമാസ വായ്പ തിരിച്ചടവ് ഇനത്തിലുള്ള ചെലവ് ഗണ്യമായി കുറയ്ക്കുക.

6. കോർപ്പറേഷന്റെ ആസ്തി മൂല്യം പുനർനിർണ്ണയിച്ച് വിപണി മൂല്യം വർദ്ധിപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കാൻ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിവരം ചുവടെ സൂചിപ്പിക്കുന്നു. കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നുമെടുത്ത 1300 കോടി രൂപയുടെ വായ്പതിരിച്ചടവ് ഇനത്തിൽ കോർപ്പറേഷൻ പ്രതിമാസം 50 കോടിയോളം രൂപയാണ് വിനിയോഗിച്ച് വരുന്നത്. കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നുള്ള വായ്പയായ 1300 കോടി രൂപ മറ്റ് ദേശസാൽകൃത ബാങ്കുകൾ ഏറ്റെടുക്കുന്നതിലേക്കായി ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനായി SBI CAPITAL Markets Ltd. എന്ന സ്ഥാപനത്തെ ഉപദേശക സ്ഥാപനമായി കെ.എസ്.ആർ.ടി.സി. നിയോഗിക്കുകയും ടി സ്ഥാനം കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച് ഫിനാൻഷ്യൽ ഇൻഫർമേഷൻ മെമ്മോറാണ്ടം തയ്യാറാക്കി ബന്ധപ്പെട്ട 13 ബാങ്കുകൾക്ക് കെ.റ്റി.ഡി.എഫ്.സി. വായ്പ ഏറ്റെടുക്കുന്നതിനായി നൽകി കഴിഞ്ഞു. ഇത്തരത്തിൽ പൊതുമേഖലാ ബാങ്കുകൾ, കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നുള്ള വായ്പ ഏറ്റെടുത്താൽ പ്രതിമാസ വായ്പ തിരിച്ചടവ് 15-20 കോടി രൂപയായി കുറയുകയും, കോർപ്പറേഷന് പ്രതിമാസം 30 കോടി രൂപ ലാഭിക്കാൻ കഴിയുകയും ചെയ്യുന്നതാണ്.

കോർപ്പറേഷന്റെ ആസ്തിമൂല്യം പുനർനിർണ്ണയം M/s Varma & Varma എന്ന സ്ഥാപനത്തെ നിയോഗിച്ച് നടത്തുകയും ടി സ്ഥാപനം സമർപ്പിച്ച മൂല്യനിർണ്ണയ റിപ്പോർട്ടിൻപ്രകാരം കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള വസ്തുക്കളുടെ ആകെ മൂല്യം 3314.89 കോടി രൂപയായി കണക്കാക്കുകയും ചെയ്തിട്ടുണ്ട്. ഇത് കോർപ്പറേഷന്റെ വിപണിമൂല്യം വർദ്ധിപ്പിക്കാൻ ഉതകുന്നതാണ്. കെ.എസ്.ആർ.ടി.സി. ബസുകളിലെ യാത്രികരിൽ നിന്നും സാമൂഹിക സുരക്ഷാ സെസ് ഇനത്തിൽ ഈടാക്കുന്നതിന് അനുമതി നൽകി ആക്ട് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് 'scheme' വിജ്ഞാപനം ചെയ്തശേഷം മാത്രമേ പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളൂ. കോർപ്പറേഷന്റെ വരുമാനംകുറഞ്ഞ 1500 സർവ്വീസുകൾ പുന:ക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ ഓൺലൈൻ റിസർവേഷൻ സമ്പ്രദായം കുറ്റമറ്റ രീതിയിൽ പരിഷ്കരിച്ചത് മുഖേന റിസർവേഷൻ ഇനത്തിലുള്ള വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിച്ചു. പുനരുദ്ധാരണ പാക്കേജിൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കുന്നതോടുകൂടി കോർപ്പറേഷന്റെ വരവ് ചെലവ് അന്തരം ഗണ്യമായി കുറഞ്ഞ് ലാഭത്തിലേക്കെത്തുന്നതാണ്. 31-3-2014 വരെ കോർപ്പറേഷന് സർക്കാർ അനുവദിച്ച് നൽകിയ വായ്പ ഇക സർക്കാരിന്റെ മൂലധന നിക്ഷേപമാക്കി മാറ്റുക വഴി കോർപ്പറേഷന്റെ വാർഷിക വരവ് ചെലവ് കണക്കിലെ നഷ്ടം ഗണ്യമായി കുറയ്ക്കാൻ കഴിയും. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly